ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഈ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനു ഗവണ്മെണ്ടു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ടിക്ട് മജിസ്ട്രേട്ടന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ എടുത്തുവരുന്ന സെൻസസിൽ വിദേശികളുടെ സെൻസസ് കൂടി എടുക്കുവാൻ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കേന്ദ്രഗവണ്മെണ്ടിന്റെ ജോലിയാണു.

ലാൻഡുടാക്സ് കമ്മറിറിപ്പോർട്ട്

* ൧൬. (൧൬) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡുടാക്സ് കമ്മറിറി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) എന്നു;

(സി) അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) കമ്മിറിറിക്കു് എത്ര രൂപാ ചെലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ്ടാക്സ് കമ്മിറിറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ ജനുവരി ൨–ാംനു.

(സി) റിപ്പോർട്ട് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു.

(ഡി) ആ കമ്മിറിറിക്കു് ൧ ൬, ൬ ൪ ൪ രൂപാ ചെലവായിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ കമ്മറിറി റിപ്പോർട്ടിന്മേൽ ഇതുവരെ നടപടി നടത്താതിരുന്നതു എന്തുകൊണ്ടാണു?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ശരിയായി അനേഷിച്ചു നടപടി നടത്തണമെന്നു വിചാരിച്ചാണു.

ലാൻഡ്പാളിസി കമ്മറിറി

* ൧൭. (൧൭) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡ്പാളിസി-കമ്മിറിറി എന്നാണു റിപ്പോർട്ട് സമർപ്പിച്ചതു;

(ബി) കമ്മിറിറിക്കു് എത്ര രൂപ ചിലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ്പാളിസി കമ്മിറിറി റിപ്പോർട്ട് ൧൯—൨൦—൧൯൫൦-ൽ ആണു സമർപ്പിച്ചതു.

(ബി) ആ കമ്മിറിറിക്കു ചെലവായ തുക ൨൫,൩൩൫ രൂപ ൪ അണയാണു.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ടിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. എ. ജെ. ജോൺ: അതും ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു.

ശ്രീ. പി. കെ. ഡിവർ: ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഈ നിയമസഭയിൽ ഒരു ബില്ലു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു എന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞതനുസരിച്ചു് ഗവണ്മെണ്ടു് ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly